കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പള്ളിക്കര ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-8/991/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി: 14-10-2019.

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,
പള്ളിക്കര ഗ്രാമ പഞ്ചായത്ത്.
(സെക്രട്ടറി മുഖേന).

സർ,

വിഷയം : പള്ളിക്കര ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ടിലെ 1-15, 1-17,1-21 ഖണ്ഡികകളിലേക്ക് ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ എന്നിവ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡ.8/991/2019, തിയ്യതി: 14-10-2019.

# കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 31.3.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഉണ്ണി,പി.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-08-2019 മുതൽ 04-09-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കിരൺദാസ്, പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. രഘുനാഥൻ,കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജെനു കര്യാക്കോസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ബാബു കിഴക്കേവീട്ടിൽ | ഓഡിറ്റർ |
| ശ്രീമതി.രമ്യ.ടി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ :

| നിർവ്വഹണാധികാരികൾ | പേര് | കാലയളവ് (1-4-2018 മുതൽ 31-3-2019 വരെ) |
|---|---|---|
| പ്രസിഡണ്ട് | പി.ഇന്ദിര | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ജയൻ.പി | 01-04-2018 മുതൽ 16-08-2018 FNവരെ |
| | സുകുമാരൻ.വി | 16-08-2018 ANമുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ ( 1-4-2018 മുതൽ 31-3-2019വരെ)

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |

| | | | |
|---|---|---|---|
| അസി. എഞ്ചിനീയർ | വൈശാഖ്.ബി | 01-04-2018 | 22-06-2018FN |
| | ബാബുരാജൻ.എൻ.ഡി | 22.06.2018AN | 31.03.2019 |
| കൃഷി ഓഫീസർ. | വേണുഗോപാലൻ.കെ | 01-04-2018 | 31-03-2019 |
| വി.ഇ.ഒ 1 | രാജേന്ദ്രൻ.എ.കെ | 01-04-2018 | 31-03-2019 |
| വി.ഇ.ഒ 2 | കുഞ്ഞുമോൻ.സി.എം | 01-04-2018 | 31-03-2019 |
| എ.സി.ഡി. എസ് സൂപ്പർവൈസർ | ബിന്ദു.കെ.കെ | 01-04-2018 | 31-03-2019 |
| മെഡിക്കൽ ഓഫീസർ PHC | ഡോ. വേണു | 01-04-2018 | 29-05-2018 |
| | ഡോ ഗായത്രി.എ.എസ് | 30-05-2018 | 12-11-2018 |
| | ഡോ ധനേഷ്.കെ.സി | 13-11-2018 | 31-03-2019 |
| മെഡിക്കൽ ഓഫീസർ GAD | ഡോ ബിന്ദു.കെ | 01-04-2018 | 31-03-2019 |
| ഹെഡ് മാസ്റ്റർ | മണികണ്ഠൻ.പി | 01-04-2018 | 31-03-2019 |
| അസിസ്റ്റന്റ് സെക്രട്ടറി | മോഹനൻ.എൻ | 01-04-2018 | 23-06-2018 FN |
| | രാജേഷ്.പി.പി | 23.06.2018 AN | 27.06.2018 FN |
| | ഉഷാകുമാരി.ടി | 27.06.2018 AN | 03.07.2018 FN |
| | സുനിൽ എം.എസ്. | 03.07.2018 AN | 06.07.2018 FN |
| | ഗീതാമണി.ആർ | 06.07.2018 AN | 13-03-2019 FN |
| | രാജേഷ്.പി.പി | 13.03.2019 AN | 27.03.2019 FN |
| | ജോർജ്ജ്.വി.എ | 27.03.2019 AN | 31-03-2019 FN |
| വെറ്റിനറി സർജൻ | ഡോ ദിയ.എസ് | 01.04.2017 | 18.11.2018 FN |
| | ഡോ മേരി വിജയ | 18.11.2018AN | 06.12.2018 |
| | ഡോ നിഷ റെയ്ച്ചൽ | 07.12. 2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ GHD | ഡോ രേഷ്മ.എ.കെ | 01.04.2018 | 31.03.2019 |
| ഫിഷറീസ് ഇൻസ്പെക്ടർ | ഹനീഫ.പി | 01-04-2018 | 31-03-2019 |
| ഡയറി ഫാം ഇൻസ്പെക്ടർ | സുകുമാരൻ.കെ | 01-04-2018 | 31-03-2019 |

ഉള്ളടക്കം:

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| 12 | D&O ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്. | 1-12 |
| 13 | ഡി&ഒ ലൈസൻസ് ഫീസ്-റേഷൻ റീട്ടെയിൽ ഡിപ്പോകൾ,കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്ന് ഈടാക്കിയിട്ടില്ല. | 1-13 |
| 14 | 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് അടവാക്കിയിട്ടില്ല | 1-14 |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റ് - പണാപഹരണവും മറ്റ് അപാകതകളും | 1-15 |
| 16 | ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 1-16 |
| 17 | ചട്ട ലംഘനം നടത്തിയ നിർമ്മിതിയുടെ പെർമിറ്റ് പുതുക്കി നൽകിയത് | 1-17 |
| 18 | യാത്രാബത്ത മുൻകൂർ നൽകിയത്-ക്രമീകരിച്ചിട്ടില്ല | 1-18 |
| 19 | അഡ്വാൻസ് നൽകിയ തുകയ്ക്ക് മരുന്ന് ലഭ്യമാക്കിയില്ല -5,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |

| | | |
|---|---|---|
| 20 | ആർജ്ജിതാവധി സറണ്ടർ - വിശദവിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-20 |
| 21 | ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു. | 1-21 |
| 22 | സിദ്ധ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല. | 1-22 |
| 23 | പള്ളിക്കര ഗ്രാമപഞ്ചായത്ത്-പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി | 1-23 |
| 24 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം പദ്ധതി | 1-24 |
| 25 | ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് പദ്ധതി | 1-25 |
| 26 | പാക്കം കുടിവെള്ള പദ്ധതിക്ക് ബാക്കി തുക നൽകൽ പദ്ധതി | 1-26 |
| 27 | വൈദ്യുതി ലൈൻ വലിക്കൽ പദ്ധതി | 1-27 |
| 28 | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ പദ്ധതി | 1-28 |
| 29 | കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ പദ്ധതി | 1-29 |
| 30 | ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ് | 1-30 |
| 31 | മഴക്കാലപൂർവ്വശുചീകരണം-ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ ചെലവഴിച്ചു. | 1-31 |
| ഭാഗം II<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | |
| ഭാഗം III<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | |
| ഭാഗം IV ഓഡിറ്റ് പ്രത്യവലോകനം | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്.

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

3) റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

4) ബാലൻസ് ഷീറ്റ്.


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2018-19 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 01/18<br>31-03-2018 | 03/19<br>17-01-2019 |
| മുന്നിരിപ്പ് | 10589029 | 26058747 |
| വരവ് | 210649000 | 268729988 |
| ആകെ | 221238029 | 294788735 |
| ചെലവ് | 212527000 | 287919735 |
| നീക്കിയിരിപ്പ് | 8711029 | 6869000 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 02.05.2019 | -- | -- |

## 1-3 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 02.07.2019 മുതൽ 03.07.2019വരെ | നം: കെ.എസ്.എ/കെ.എസ്.ഡി.3 /409/2019, തീയ്യതി: 20.07.2019. |

പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ:

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-1) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 38,01,683/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 34,15,570/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ മുൻകൂറായി 1,08,787/-രൂപയും പിരിവുണ്ട്. അതായത് പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് 35,24,357/-രൂപയാണ്. ഇതിൻ പ്രകാരം 2,77,326/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 3,51,888/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

2. 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ് & അരിയർ) ഇനത്തിൽ 11,91,672/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 2018-19 വർഷത്തെ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ തൻവർഷം 11,00,640/- രൂപ പിരിവുണ്ട്. ഇതിൻ പ്രകാരം 91,032/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 3,64,962/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-1) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ- റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 27,62,643/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 21,99,308/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ- റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ മുൻകൂറായി 21,856/-രൂപയും പിരിവുണ്ട്. അതായത് പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ ആകെ വരവ് 22,21,164/- രൂപയാണ്. ഇതിൻ പ്രകാരം 5,41,479/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 6,14,142/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

4. 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ് & അരിയർ) ഇനത്തിൽ 14,08,567/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 2018-19 വർഷത്തെ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ തൻവർഷത്തെ പിരിവ് 1,54,239/- രൂപ പിരിവുണ്ട്. ഇതിൻ പ്രകാരം 12,54,328/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 6,18,651/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

5. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-3) പ്രകാരം റന്റ് ഫ്രം ബിൽഡിംഗ്സ് ഇനത്തിൽ തൻവർഷത്തെ

ഡിമാന്റ് 2,20,315/- രൂപയാണ്. എന്നാൽ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം റന്റ് ഫ്രം ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ തൻവർഷത്തെ പിരിവ് 1,92,321/- രൂപയാണ്, കൂടാതെ 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-9) പ്രകാരം ഈ ഇനത്തിൽ മുൻകൂറായി വരവൊന്നുമില്ല. ഇതിൻ പ്രകാരം 27,994/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം റന്റ് ഫ്രം ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 22,971/- രൂപയാണ്. ആയതിനാൽ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രോപ്പർട്ടി റന്റ് ഫ്രം ബിൽഡിംഗ്സ് (കറന്റ്) ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ശരിയല്ല.

6. 31.03.2018 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം റന്റ് ഫ്രം ബിൽഡിംഗ്സ് (കറന്റ് & അരിയർ) ഇനത്തിൽ ഇനത്തിൽ 45,238/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എന്നാൽ 2018-19 വർഷത്തെ റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) പ്രകാരം റന്റ് ഫ്രം ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ തൻവർഷം 50,261/- രൂപ പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം റന്റ് ഫ്രം ബിൽഡിംഗ്സ് (അരിയർ) ഇനത്തിൽ കുടിശ്ശികയായ് ലഭിക്കാനുള്ള തുകയേക്കാൾ തൻവർഷം പിരിവുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള റന്റ് ഫ്രം ബിൽഡിംഗ്സ് (അരിയർ) ഇനത്തിലെ തൻവർഷത്തെ പിരിവിന് കൃത്യതയില്ല.
7. 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-5) പ്രകാരം വായ്പ ഇനത്തിലെ ആകെ ബാധ്യത 3,11,79,325/- രൂപയാണ് (ഇത് ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പയിനത്തിൽ തിരിച്ചടയ്ക്കാനവ ശേഷിക്കുന്ന 77,80,000/- രൂപയും ലൈഫ് ഭവന പദ്ധതിയുടെ വായ്പയിനത്തിൽ തിരിച്ചടയ്ക്കാനവശേഷിക്കുന്ന 2,33,99,325/- രൂപയും ഉൾപ്പെട്ടതാണ്). എന്നാൽ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-16) പ്രകാരം പ്രീപെയ്ഡ് എക്സ്പെൻസസ് എന്നതിൽ തുകയൊന്നും ഇല്ല. (ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പയിനത്തിൽ തിരിച്ചടയ്ക്കാനവ ശേഷിക്കുന്ന 77,80,000/- രൂപയും ലൈഫ് ഭവന പദ്ധതിയുടെ വായ്പയിനത്തിൽ KURDFC-യിൽ നിന്നും ലഭിച്ച 2,33,99,325/- രൂപയിൽനിന്നും തൻവർഷംതന്നെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയ 1,20,40,000/- രൂപയും പ്രീപെയ്ഡ് എക്സ്പെൻസസിൽ (ഷെഡ്യൂൾ B-16) ഉൾപ്പെട്ടിട്ടില്ല. അവശേഷിക്കുന്ന 17,40,000/-രൂപ സെക്രട്ടറിയുടെ ലോൺ അക്കൗണ്ടിൽ (ഷെഡ്യൂൾ B-17) നീക്കിയിരിപ്പുണ്ട്.)
8. 31.03.2019 ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-5, സെക്യൂർഡ് ലോൺ) പ്രകാരം KURDFC-യിൽ നിന്നുള്ള ലോൺ (ലൈഫ് ഭവന പദ്ധതിയുടെ വായ്പ) ഇനത്തിൽ 2,33,99,325/-രൂപ തിരിച്ചടയ്ക്കാനുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ ലൈഫ് ഭവന പദ്ധതിയ്ക്കായി KURDFC-യിൽ നിന്നുമെടുത്ത വായ്പയുടെ വിവരം ചേർത്തിട്ടില്ല. ലോൺ രജിസ്റ്റർ കാലികമാക്കണം.
9. വാർഷിക ധനകാര്യ പത്രിക പ്രകാരം (ബാലൻസ് ഷീറ്റ് -ഷെഡ്യൂൾ B-4) പ്രത്യേക പദ്ധതികൾക്കായി ലഭിച്ച തുകകളിൽ വർഷങ്ങളായ് ചെലവഴിക്കാതെ നിലനിൽക്കുന്ന തുകകളുണ്ട്. 31.03.2014 ന് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച 2,00,000/- രൂപയും 29.11.2017 ന് നെൽകൃഷി കൂലിചെലവ് ഇനത്തിൽ വരവ് വന്നതിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന 1,51,000/- രൂപയും ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിൽക്കുന്നു.
10. ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.
11. വാർഷിക ധനകാര്യ പത്രികയോടൊപ്പം നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 86,41,148 |
| വരവ് | 14,26,21,708 |
| ആകെ | 15,12,62,856 |
| ചെലവ് | 11,58,21,426 |
| നീക്കിയിരിപ്പ് | 3,54,41,430 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26193318 | 26193318 | 24284398 | 1908920 | 92.57 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 2458000 | 2458000 | 2458000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2154000 | 2154000 | 2103873 | 50127 | 97.67 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8611000 | 8611000 | 7933847 | 677153 | 92.13 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5423000 | 5423000 | 3761773 | 1661227 | 69.36 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12165000 | 12165000 | 11618927 | 546073 | 95.51 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | 57004318 | 57004318 | 52160818 | 4843500 | 91.50 |

** നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടവയാണ് . വികസന ഫണ്ട് ജനറൽ - സ്രോതസ്സിൽ നിന്നും 1908920/-രൂപ സർക്കാർ ഈടാക്കിയിട്ടുണ്ട്.

ഫണ്ട് വിനിയോഗം രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 24234398 | 24234398 | 24234398 | 0 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 2458000 | 2458000 | 2458000 | 0 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 2103873 | 2103873 | 2103873 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 7933847 | 7933847 | 7933847 | 0 |
| മെയിന്റനൻസ്,ഗ്രാന്റ് നോൺ- റോഡ് | 0 | 3761773 | 3761773 | 3761773 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11618927 | 11618927 | 11618927 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. (ലോക ബാങ്ക് ) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് (R&P പ്രകാരം) തൊഴിൽ രഹിത വേതനം | 0 | 111720 | 111720 | 111720 | 0 |
| വിവാഹ ധനസഹായം | 0 | 330000 | 330000 | 330000 | 0 |
| നെൽകൃഷി ഉൽപാദന ബോണസ് | 0 | 250000 | 250000 | 250000 | 0 |
| MGNREGA 100തൊഴിൽ ദിനം ഇൻസെൻറീവ് | 0 | 127000 | 127000 | 127000 | 0 |
| ട്രഷറി തനത് ഫണ്ട്.& ജനറൽ പർപ്പസ് ഫണ്ട് | 742388 | 45311468 | 46053856 | 25508791 | 20545065 |
| ട്രഷറി സംയുക്ത പദ്ധതി | (-)243737 | 7583983 | 7340246 | 7083996 | 256250 |
| തൊഴിലുറപ്പ് പദ്ധതി (PNB) Admin | 11086 | 685696 | 696782 | 696553 | 229 |
| എസ്.എസ്.എ | 40330 | 2017 | 42437 | 0 | 42437 |

| | | | | | |
|---|---|---|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് 30021 | 3056 | 54 | 3110 | 17 | 3093 |
| പനയാൽ സഹകരണ ബാങ്ക് EMS Loan | 13808 | 690 | 14498 | 0 | 14498 |
| തനത് ഫണ്ട് -സഹകരണ ബാങ്ക് പള്ളിക്കര | 4931848 | 10936370 | 15868218 | 7412737 | 8455481 |
| തനത് ഫണ്ട്- ഇ പേയ്മന്റ് + ശുചിത്വ മിഷൻ ഫണ്ട് മുതലായവ PNB 32931 | 2958447 | 3677497 | 6635944 | 2957092 | 3678852 |
| സഹകരണ ബാങ്ക് പള്ളിക്കര (സ്വജൽധാര) | 3414 | 187 | 3601 | 0 | 3601 |
| ദുരിതാശ്വാസ നിധി | 5830 | 137 | 5967 | 5000 | 967 |
| സഹകരണ ബാങ്ക് പള്ളിക്കര (സാക്ഷരത 5830) | 1011 | 0 | 1011 | 0 | 1011 |
| പഞ്ചാബ് നാഷണൽ ബാങ്ക് (BMC) | 0 | 597056 | 597056 | 0 | 597056 |
| സഹകരണ ബാങ്ക് പള്ളിക്കര(NREGA) | 128 | 0 | 128 | 0 | 128 |
| KURDFC (loan) Life housing scheme | 0 | 23399325 | 23399325 | 21659325 | 1740000 |

## 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി.09.01.2017 – ലെ ജി.ഒ.(എം.എസ്)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.01.2017 ലെ 1/2017(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്. ആസൂത്രണ സമിതിയിൽ 13അംഗങ്ങളാണുള്ളത്.

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ വികസനരേഖയും സ്റ്റാറ്റസ്റിപ്പോർട്ടും.27.10.2018ലെ 1/2018(3) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 18-19ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട പരിശോധന,ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കൃത്യമായ ഇടവേളകളിൽ വിലയിരുത്തിട്ടുണ്ട്. പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം, എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പ്രധാനമായും സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകളും തീരുമാനങ്ങളുമാണ് വന്നിട്ടുള്ളത്. ദാരിദ്ര്യലഘൂകരണം, വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷ പരിശോധന എന്നീ പ്രവർത്തനങ്ങളും കമ്മറ്റി നിരീക്ഷിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ആരോഗ്യപരിപാലനം,വിദ്യഭ്യാസം,ശുചിത്വ-മാലിന്യസംസ്കരണ പദ്ധതികൾ എന്നീ വിഭാഗത്തിലെ പദ്ധതി നിർവ്വഹണത്തെക്കുറിച്ച് ചർച്ച നടത്തുകയുണ്ടായി.

സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ പരിഗണിച്ച കൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകൾ :

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ

പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. ഇത്തരം വിലയിരുത്തലുകൾ കൂടുതൽ യഥാർത്ഥ്യബോധത്തോടെ നടത്തേണ്ടതാണ് . പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്.എന്നാൽ ഇത്തരം പരിശോധനകൾ നടത്തിയതായി കാണുന്നില്ല. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം ഒഴിവാക്കലുകൾ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തിയതായി കാണുന്നില്ല. തുടർന്നങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

<u>മോണിറ്ററിംഗ് :</u>

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഈ വിഷയം ഗൗരവപൂർവ്വം കൈകാര്യം ചെയ്തതായി കാണുന്നില്ല. തുടർന്നങ്ങോട്ട് ഓരോ പ്രോജക്ട് പൂർത്തിയാകുമ്പോഴും കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

<u>പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ</u>

ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും വർക്കിംപദ്ധതി ഗ്രൂപ്പുകളും പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്.ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2017-18 ൽ 8യോഗങ്ങൾ ചേരുകയുണ്ടായി.

<u>പദ്ധതി ആസൂത്രണ ഗ്രാമസഭ</u>

ഗ്രാമസഭ യോഗം ചേർന്ന് പദ്ധതി ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 2/2018 മാസത്തിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭ ചേരുകയുണ്ടായി.

<u>ഊരുക്കൂട്ടം</u>

പട്ടികവർഗ ഉപപദ്ധതി പ്രകാരം വിഹിതം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊരുക്കൂട്ടയോഗം ചേർന്ന് വേണം ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്.ഗ്രാമപഞ്ചായത്തിൽ TSPഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഊരുക്കൂട്ടം 2/2018 മാസത്തിൽ ചേരുകയുണ്ടായി.

<u>ഭിന്നശേഷി വിഭാഗക്കാരുടെ യോഗം</u>

ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്രത്യക യോഗം ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. ഇത് പ്രകാരം ഭിന്നശേഷി വിഭാഗക്കാരുടെ യോഗം 28.2.2018തീയതിയിൽ ചേരുകയുണ്ടായി.

<u>വയോജനങ്ങളുടെഗ്രാമസഭ</u>

വയോജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ വയോജനങ്ങളുടെ ഗ്രാമസഭ 27.02.2018 തീയതിയിൽ ചേരുകയുണ്ടായി.

<u>മത്സ്യസഭ</u>

മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിലുള്ള പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്രത്യക യോഗം ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. എന്നാൽ ഇത്തരത്തിൽ ചേരേണ്ട മത്സ്യസഭ ഗ്രാമ പഞ്ചായത്തിൽ ചേരുക ഉണ്ടായില്ല. ഇത് ഭരണസമിതിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. തുടർന്നങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

<u>വികസന സെമിനാർ :</u>

10-03-2018 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 233 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം :

വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 17.03.2018 നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 1/18)- 28.03.2018 തീയ്യതിയിൽ വാർഷീക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്-(475/2018/DPC/DPO/KSD തീയ്യതി28.03.2018 ). 16-02-2019ന് ജില്ലാ ആസൂത്രണ സമിതി അന്തിമ അംഗീകാരം നൽകുകയുണ്ടായി.(475/2018/DPC/DPO/KSD തീയ്യതി 16-02-2019 )

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രോജക്ടുകൾ | 248 |
| പുതിയ പ്രോജക്ടുകൾ | 181 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 67 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 11086 | 685696 | 696782 | 696553 | 229 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 24423937 | 24423937 | 24423937 | 0 |
| ആകെ | 11086 | 25109633 | 25120719 | 25120490 | 229 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2018-19 | തൊഴിൽ രഹിത വേതനം | 111720 | 63 |
| | കർഷകതൊഴിലാളി പെൻഷൻ | 6742800 | 547 |
| | വിധവാ പെൻഷൻ | 27051000 | 2147 |
| | വാർദ്ധക്യകാല പെൻഷൻ | 27360100 | 2204 |

| | | | |
|---|---|---|---|
| | വികലാംഗ പെൻഷൻ | 8346800 | 654 |
| | അവിവാഹിത പെൻഷൻ | 1229100 | 98 |
| | വിവാഹ ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന22-08-2019തീയതിയിൽ 12.31 ന് സ്ഥാപനത്തിലെ ഉത്തരവാദ പ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 21,446 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതു നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പഞ്ചായത്തിൽ ഉണ്ടാവേണ്ടത് ഭരണസമിതിയുടെ ഉത്തരവാദിത്വമാണെന്ന് നിലവിലുള്ള ഭരണസമിതിക്ക് പൂർണ്ണമായും ബോധ്യമുണ്ട്. അതുകൊണ്ട് അക്കൌണ്ടിങ്ങ് നടപടികളെ കുറിച്ചുള്ള എഴുതപ്പെട്ട രേഖ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. ഗ്രാമ പഞ്ചായത്തിൽ വിവിധ ജീവനക്കാർക്ക് ഓഫീസ് ഓർഡർ പ്രകാരം ജോലി നിർണ്ണയിച്ച നൽകിയിട്ടുണ്ട്. വരവ് ചെലവുകളെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ക്രമീകരിക്കുന്നതിനുമായി സ്ഥാപനത്തിൽ ബഡ്ജററ് സമ്പ്രദായം ഉണ്ട്. അപാകതകൾ ഉണ്ടെങ്കിലും പഞ്ചായത്തിൻെറ ധനപരമായ രേഖകളും വരവ് ചെലവ് പത്രികകളും പഞ്ചായത്തിൻെറ ധനപരമായ പ്രവർത്തനങ്ങളെ വിശദീകരിക്കുവാൻ പര്യാപ്തമാണ്. വിവരാവകാശം സംബന്ധിച്ച ബോർഡ്, സേവനവാകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ലഭ്യമാകും എന്ന് വ്യക്തമാകുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് എന്നിവ നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്. പൗരാവകാശ രേഖ പഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അക്കൌണ്ടിങ്ങ് സമ്പ്രദായം

അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് .നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്.മാസാന്ത്യങ്ങളിൽ റീകൺസിലിയേഷൻ നടത്തിവരാറുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.അഗ്നിബാധ, പ്രകൃതി ദുരന്തം എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൌണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ച വരുന്നത്. ബിൽ കലക്ടർമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചാത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന പണത്തിന് നിലവിൽ ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

നികുതികൾ ഡിമാന്റ് ചെയ്യാനുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്. കുടിശ്ശിക നികുതികൾ തൊട്ടടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്നുണ്ട്.നികുതി കുടിശ്ശിക വരുത്തുന്ന നികുതി ദായകരുടെ പേര് വിവരങ്ങൾ നിലവിൽ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നില്ല. പെർമിറ്റ് ഫീയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ അപാകത കാണുന്നു.

പ്രൊക്യൂർമെൻറ് ,സ്റ്റോർ എന്നിവയ്ക്ക് മുകളിലുള്ള നിയന്ത്രണം

കേരളാ സർക്കാരിൻെറ പ്രൊക്യൂർമെൻറ് ചട്ടങ്ങളും നടപടി ക്രമങ്ങളും ഗ്രാമ പഞ്ചായത്ത് പാലിച്ച പോരുന്നുണ്ട്.വാങ്ങലുകൾ നടത്തിയത്, അതാതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻമാരാണ്. വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്താറുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി 2018-19 വർഷത്തിൽ ആകെ 5 യോഗമാണ് ചേർന്നിട്ടുള്ളത് 2.8.2018,,23.11.2018,7.12.2018,.,16.2.2019,26.2.2019 എന്നീ തിയ്യതികളിലാണ് യോഗം ചേർന്നിട്ടുള്ളത്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവനപുസ്തകം, ലീവ് റെക്കോർഡ്സ് എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പേ റിവിഷൻ, അഡ്ജസ്റ്റ്മെന്റ് സംബന്ധമായ കാര്യങ്ങൾ കൃത്യമായി പരിശോധിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുമ്പൻസി രജിസ്റ്റർ,മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ, ചാർജ് ഹേൻഡ് ഓവർ രജിസ്റ്റർ എന്നിവയും എഴുതി സൂക്ഷിക്കുന്നുണ്ട്. ജീവനക്കാർ പേർസണൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും തപാലുകളുടെ തീർപ്പാക്കൽ ആയതിൽ രേഖപ്പെടുത്തുന്നില്ല, ഓഫീസ് ഓർഡർ പ്രകാരം പേർസണൽ രജിസ്റ്റർ പരിശോധിക്കാൻ നിയുക്തനായ ഉദ്യോഗസ്ഥൻ മാസാന്ത്യത്തിൽ ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല,

ആസ്തികളിൻമേലുള്ള നിയന്ത്രണം

സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

സ്റ്റാഫ് മീറ്റിങ്ങ്

5.4.18,20.4.18,14.5.18,28.5.18,13.7.18,18.7.18,2.8.18.,8.8.18,8.11.18,21.12.18,21.1.19,8.2.19,5.3.19 എന്നീ തീയതികളിൽ സ്റ്റാഫ് മീറ്റീങ്ങ് ചേർന്നിട്ടുണ്ട്. ഓഫീസ് പ്രവർത്തനം, പദ്ധതി നിർവ്വഹണം ,നികുതി പിരിവ് എന്നിവ സ്റ്റാഫ് മീറ്റീങ്ങിൽ ചർച്ച ചെയ്തിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 12-05-2006 | 2005-06 | 16-06-2006 |
| പെർഫോമെൻസ് ഓഡിറ്റ് | 19-07-2019<br>24-07-2019 | 01-02-2019 മുതൽ 31/07/2019 വരെ | 31/07/2019 |

## 1-12 D&O ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും , 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2019-20 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

## 1-13 ഡി&ഒ ലൈസൻസ് ഫീസ്-റേഷൻ റീട്ടെയിൽ ഡിപ്പോകൾ,കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്ന് ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി.&ഒ. ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). പഞ്ചായത്തു പരിധിയിൽ 13 റേഷൻ കടകളും 4 കള്ള് ഷാപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ആയത് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

<u>ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല.</u>

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി. &ഒ. ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഡി.&ഒ. രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് അടവാക്കിയിട്ടില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ, തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് 2,34,005.67 രൂപ നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 കെട്ടിട നിർമ്മാണ പെർമിറ്റ് - പണാപഹരണവും മറ്റ് അപാകതകളും

2018-19 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കുറെയേറെ അപേക്ഷകരുടെ പെർമിറ്റ് ഫീസ് അടച്ചതിന് ഒരേ രസീത് നമ്പർ തന്നെ (118030111114/21.02.19 ) ചേർത്തതായി കാണുവാൻ കഴിഞ്ഞു. ഇതിന്റെ കാരണമാരാഞ്ഞപ്പോൾ, ബന്ധപ്പെട്ട സെക്ഷൻ (ബിൽഡിങ് പെർമിറ്റ് ) കൈകാര്യം ചെയ്ത ജീവനക്കാരൻ, ഏതാനും അപേക്ഷകരിൽ നിന്നും കൈപ്പറ്റിയ പെർമിറ്റ് ഫീസ്, പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കാതെ, പണാപഹരണം നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് , പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ച തുകയാണെന്നാണ് (₹ 79,468/-) അറിയിച്ചത്.

എ) ഇതുമായി ബന്ധപ്പെട്ട <u>വകുപ്പ് തല നടപടികളുടെ സംഗ്രഹം</u> ചുവടെ ചേർക്കുന്നു.

കാസറഗോഡ് ജില്ലാ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് -2 ബാച്ച്, 12.02.2019 ൽ പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ നടത്തിയ പരിശാധനയിലാണ് ക്രമക്കേട് ശ്രദ്ധയിൽ പെട്ടത്. ഏതാനും പെർമിറ്റുകളുടെ ഫീസിനൊപ്പം ചേർത്തിരിക്കുന്ന രസീത് നമ്പറുകൾ, മറ്റ് വരവിനങ്ങളുടെ രസീത് നമ്പറുകളാണെന്ന് കണ്ടെത്തി. തുടർന്ന് നടത്തിയ പരിശോധനയിൽ ഇത്തരം 116 അപേക്ഷകളിലായി ₹ 79,468/- രൂപയുടെ നഷ്ടം കണ്ടെത്തി. ഇതോടൊപ്പം മേൽ ജീവനക്കാരൻ കൈകാര്യം ചെയ്തു വന്ന ഓണർഷിപ്പ് (ഉടമസ്ഥാവകാശം) മാറ്റവുമായി ബന്ധപ്പെട്ട് , സമയപരിധി കഴിഞ്ഞ് നൽകിയ 25 അപേക്ഷകളിൽ , പിഴ ഈടാക്കാത്തത് വഴി ₹ 12,500/- പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയതായും കണ്ടെത്തി. ഈ തുക 118030111106/21.02.19 രസീത് നമ്പർ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടക്കുകയുണ്ടായി.(കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.02.2019 ലെ DDP-KSD/475/2019-SC5 ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ 20.02.2019 ലെ PAU/II/42/2019 നമ്പർ റിപ്പോർട്ട് പ്രകാരം )

പിന്നീട് കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.03.2019 ലെ DDP-KSD/475/2019-SC5 ഉത്തരവ് പ്രകാരം ഈ ജീവനക്കാരൻ, പള്ളിക്കര ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ( 27.07.2017 - 21.02.2019) കൈകാര്യം ചെയ്ത കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സീനിയർ സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയുണ്ടായി ( സഹായത്തിനായി വിവിധ തസ്തികകളിലുള്ള മറ്റ് 8 ജീവനക്കാരെയും ചുമതലപ്പെടുത്തി). എന്നാൽ ബന്ധപ്പെട്ട റിപ്പോർട്ട് ഇതുവരെയും പഞ്ചായത്തിൽ ലഭിച്ചിട്ടില്ല.

പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ 20.02.2019 ലെ PAU/II/42/2019 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അച്ചടക്ക നടപടി എന്ന നിലക്ക്, കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.02.2019 ലെ DDP-KSD/475/2019-SC5 ഉത്തരവ് പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനെ ജില്ലയിലെ തന്നെ എൻമകജെ ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റുകയും, ഇയാൾ 21.02.2019 അപരാഹ്നത്തിൽ പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു.

തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ 16.03.219 ലെ I/26324/2019 നമ്പർ കത്ത് / (ഫയൽ നം: PAN/2765/2019-D9(DP)) ലെ നിർദ്ദേശമനുസരിച്ച് ലോക്കൽ പോലീസിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും, ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ : 165/19 (u/s: 409,420 IPC) -ായി കേസ് രജിസ്റ്റർ ചെയ്യുകയും, 30.05.2019 ന് സീഷർ മഹസ്സർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ 11.04.219 ലെ ഫയൽ നം: PAN/2765/2019-D9(DP) പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥന് കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ 26.06.2019 ലെ PAN/2765/2019-D9(DP) ഉത്തരവ് പ്രകാരം ഇയാൾക്കെതിരായ ആരോപണങ്ങളിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബി) 2018-19 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട് , പരിശോധന നടത്തിയ ഏതാനും ഫയലുകളിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1) പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് :

പെർമിറ്റ് നം : 4530/18 ;തിയതി : 04.07.2018

അപേക്ഷകൻ : കെ. പ്രദീപ് കുമാർ

ഒക്യുപ്പൻസി : A1

പ്ലിന്ത് ഏരിയ : 360.88 $m^2$

യഥാർത്ഥ ഫീസ് : 360.88 * 5 = 1,804/-

ഈടാക്കിയത് : 1,604/- ( 118030111114/21.02.19 ; Sl No: 28)

കുറവ് : ₹ 200/-

2) മറ്റാവശ്യത്തിനായുള്ള തപാലിന്റെ നമ്പർ ഉപയോഗിച്ച് പെർമിറ്റ് അനുവദിച്ചത്

പെർമിറ്റ് രജിസ്റ്ററിലെ 3783/18-19 തിയതി: 06.06.2018 എന്ന തപാൽ/ കറന്റ് നമ്പർ പ്രകാരം നസീർ പി.എം. s/o: മുഹമ്മദ്.പി.എം. എന്നയാളുടെ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയാണ്. പരിശോധനക്ക് ശേഷം 3783/18 എന്ന നമ്പറിൽ 26.06.2018 തിയതി മുതൽ 25.06.2021 വരെക്കുമുള്ള പെർമിറ്റ് (Residential, 119.16 $m^2$ ) അനുവദിച്ച് നൽകിയിരിക്കുന്നു.

എന്നാൽ ഫ്രണ്ട് ഓഫീസിൽ നിന്നും ലഭിക്കുന്ന Building Permit Application Register ൽ ഇങ്ങനെ ഒരു തപാൽ ഇല്ല. 3783/18-19 തിയതി: 06.06.2018 എന്ന തപാൽ Common Marriage Registration എന്ന ഹെഡ്ഡിലാണ് യഥാർത്ഥിൽ ഉൾപ്പെട്ടിട്ടുള്ളത്.

3) Wet Land ൽ NOC ഇല്ലാതെ പെർമിറ്റ് നൽകിയത്

ശ്രീ. നസീർ പി.എം. s/o: മുഹമ്മദ്.പി.എം. എന്നയാൾക്ക് 3783/18-19 തിയതി: 26.06.2018 എന്ന നമ്പറിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ളതാണ്. ഈ അപേക്ഷ പരിശോധിച്ച ഓവർസിയർ, കെട്ടിടം നിർമ്മിക്കുന്നതിനായി പരിഗണിച്ചിട്ടുള്ള സ്ഥലം Wet Land ആണെന്നും അതിനാൽ NOC ലഭ്യക്കിയ ശേഷമേ നിർമ്മാണ പെർമിറ്റ് നൽകാവൂ എന്നും സൂചിപ്പിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കാതെ പെർമിറ്റ് നൽകുകയാണുണ്ടായത്.

സി) ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച നിർമ്മാണ പെർമിറ്റുകളുണ്ടോ, പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിയാനം വന്നിട്ടുണ്ടോ, ആയതിന് ക്രമപ്രകാരം ഫീസ്

ഈടാക്കിയിട്ടുണ്ടോ, അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ്/ ക്രമവത്കരണ ഫീസ് ഈടാക്കിയിട്ടുണ്ടോ തുടങ്ങിയ വസ്തുതകൾ പരിശോധിക്കുന്നതിന് മേൽ ജീവനക്കാരന്റെ കാലയളവിലെ എല്ലാ അപേക്ഷകളുടെയും (പെർമിറ്റ്, റെഗുലറൈസേഷൻ, ഓണർഷിപ്പ് മാറ്റൽ ) സമഗ്രമായ പരിശോധന ആവശ്യമാണ്.

2. ജീവനക്കാരുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച്, ഭരണതലത്തിലും മേലുദ്യോഗസ്ഥ തലത്തിലും യഥാസമയങ്ങളിൽ കൃത്യമായ മേൽനോട്ടം നടത്തേണ്ടതാണ്.(ക്രമക്കേടുമായി ബന്ധപ്പെട്ട ഒരു ചർച്ചപോലും ഭരണസമിതിയിൽ നടന്നതായി കാണുന്നില്ല)

3. സങ്കേതവും (കെട്ടിട നിർമ്മാണ പെർമിറ്റിന്റെ സോഫ്റ്റ് വെയർ) സാംഖ്യയും പരസ്പരം ബന്ധിപ്പിച്ച് (link) രസീത് നമ്പറുകളുടെ ആധികാരികത ഉറപ്പിക്കേണ്ടതും തെറ്റായ വിവരങ്ങൾ ചേർത്ത് ക്രമക്കേടുകൾ സൃഷ്ടിക്കാനുതകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

4. സോഫ്റ്റ് വെയറുകളുടെ സാങ്കേതിക തികവും, മികവും ഉറപ്പു വരുത്തേണ്ടതാണ്.

5. വിവിധ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ലോഗിൻ ഐ.ഡി., യൂസർനെയിം, പാസ് വേർഡ് എന്നിവ മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യാതിരിക്കേണ്ടതും , അപ്രൂവിങ് അതോറിറ്റികൾ (സെക്രട്ടറി മുതലായവർ) തന്നെ അന്തിമ അംഗീകാരം / പാസ്സാക്കൽ നടത്തേണ്ടതുമാണ്.

6. ഇത്തരം പ്രവണതകൾ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി മേൽ അപാകതകൾക്ക് ഉത്തരവാദികളായ ജീവനക്കാർക്ക് (സെക്ഷനും,സൂപ്പർവൈസിങ് ഓഫീസർമാർക്കും) എതിരെ മാതൃകാപരമായ വകുപ്പുതലശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് മേലധികാരികൾക്ക് ശുപാർശ നൽകുവാൻ ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി -19 തിയതി-04.09.19).

## 1-16 ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ 32 പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട തുക ആകെ 96,673/- രൂപ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ്) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ 2014-15 വർഷം മുതൽ ഈയിനത്തിൽ തുക ലഭ്യമാകുവാനുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ പ്രസ്തുത തുകയും തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-17 ചട്ട ലംഘനം നടത്തിയ നിർമ്മിതിയുടെ പെർമിറ്റ് പുതുക്കി നൽകിയത്

പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2013-14 വർഷത്തെ LF.KSD.9/867/2015/11.11.2015 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.4 ൽ പരാമർശിച്ചിട്ടുള്ള പെർമിറ്റ് നം : BP.170/2013-14/13.06.2014 (ഉടമസ്ഥർ – ഖലീൽ,സുഹറ.എം.,അബ്ദുള്ള,മുഹമ്മദ് കുഞ്ഞി,സാലിഹ് തുടങ്ങിയവർ), അസംബ്ലി വിഭാഗത്തിൽ (ഓഡിറ്റോറിയം) വിഭാഗത്തിൽ പെട്ട കെട്ടിടം നിർമ്മിക്കുന്നതിനായി പരിഗണിക്കുന്ന സ്ഥലം Wet Land (നഞ്ച/വയൽ/നിലം) ൽ ഉൾപ്പെട്ടതായതിനാൽ, നിർമ്മാണാനുമതി നൽകിയത് ഗുരുതരമായ വീഴ്ചയാണെന്ന് പരാമർശിച്ചിരുന്നതും ആയതിന് വിശദീകരണം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ ഇതുവരെയും ഇതിന് ഒരു വിശദീകരണവും ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ ഫയൽ, അനധികൃത നിർമ്മാണമെന്ന നിലയിൽ, കാസറഗോഡ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഓഫീസിന്റെ പരിഗണനയിലുമുള്ളതാണ്. ഈ പെർമിറ്റിന്റെ കാലാവധി 12.06.2017 ന് അവസാനിച്ചു. തുടർന്ന് ഉടമകൾ 02.09.2017 ന് (കാലാവധി കഴിഞ്ഞ് 82 ദിവസത്തിന് ശേഷം) നൽകിയ അപേക്ഷയെ തുടർന്ന് ₹ 23,189/- രൂപ (6623.89m2 @ ₹ 3.50 നിരക്കിൽ) രസീത് നം: 11703103646/02.09.2017 പ്രകാരം പഞ്ചായത്തിലടച്ചതിനെ തുടർന്ന്, പള്ളിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01.10.2017 ലെ എ2.6933/2017 നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാലാവധി 11.06.2020 വരെ പുതുക്കി നൽകുകയുണ്ടായി. ഈ പെർമിറ്റുമായി ബന്ധപ്പെട്ട് മുകളിൽ സൂചിപ്പിച്ച അപാകതകൾ/ നടപടികൾ നിലനിൽക്കെ പെർമിറ്റ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, വിജിലൻസിന്റെ തുടർ നടപടികൾ സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-18 യാത്രാബത്ത മുൻകൂർ നൽകിയത്-ക്രമീകരിച്ചിട്ടില്ല

വൗച്ചർ നമ്പർ - 21800161/7.6.2018 – 1000/- രൂപ

ചെക്ക് നമ്പർ - 100390/7.6.2018

ഗ്രാമപഞ്ചായത്തിലെ അസി.സെക്രട്ടറിയായ ശ്രീ.മോഹനൻ.എം എന്നവർക്ക് 2018 ജൂൺ മാസത്തിൽ കിലയിൽ വച്ച് നടന്ന പരിശീലനത്തിന് മുൻകൂർ യാത്രാബത്ത ഇനത്തിൽ 1000/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.16/3.9.2019 പ്രകാരം ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. ഈ തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

### 1-19 അഡ്വാൻസ് നൽകിയ തുകയ്ക്ക് മരുന്ന് ലഭ്യമാക്കിയില്ല –5,00,000/- രൂപ തടസ്സപ്പെടുത്തുന്നു

<table>
<tr><td colspan="2">നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td>മെഡിക്കൽ ഓഫീസർ, ഹോമിയോ ,പള്ളിക്കര</td></tr>
<tr><td colspan="2">പ്രൊജക്റ്റ്</td><td>പള്ളിക്കര ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ</td></tr>
<tr><td colspan="2">പ്രൊജക്റ്റ് നമ്പർ</td><td>17/2018-19</td></tr>
<tr><td colspan="2" rowspan="3">പ്രൊജക്റ്റ് വകയിരുത്തൽ തുക</td><td>മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്)<br>4,00,000/- രൂപ</td></tr>
<tr><td>തനത് ഫണ്ട്--1,00,000/- രൂപ</td></tr>
<tr><td>ആകെ വകയിരുത്തൽ തുക -5,00,000/- രൂപ--</td></tr>
<tr><td rowspan="2">പ്രൊജക്റ്റ് ചെലവ് തുക<br>5,00,000/- രൂപ</td><td>ട്രഷറി ബിൽ നമ്പർ</td><td>1/2018-19 തിയ്യതി.17/12 /2018--മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്)<br>4,00,000/- രൂപ</td></tr>
<tr><td>ചെക്ക് നമ്പർ</td><td>25765 തിയ്യതി 23.11.18-തനത് ഫണ്ട്--1,00,000/- രൂപ</td></tr>
</table>

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി 5,00,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ, ഹോമിയോ ,പള്ളിക്കര ചെലവഴിച്ചിട്ടുണ്ട്. ട്രഷറി ബിൽ നമ്പർ 1/2018-19 തിയ്യതി.17/12/2018--മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്) പ്രകാരം 4,00,000/- രൂപയും, തനത് ഫണ്ട്-ചെക്ക് നമ്പർ 25765 തിയ്യതി 23.11.18-പ്രകാരം- 1,00,000/- രൂപയും ചേർത്ത് ആകെ 5,00,000/- രൂപ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി കേരളാ സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴ എന്ന സ്ഥാപനത്തിന് മുൻകൂറായി നല്കുന്നതിന് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്,

കേരളാ സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴ,( രശീത് നമ്പർ 1002 തിയ്യതി. 29/12/2018പ്രകാരം ) 4,00,000/- രൂപയ്ക്ക് മാത്രമാണ് രശീതി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ തനത് ഫണ്ട്-ചെക്ക് നമ്പർ 25765 തിയ്യതി 23.11.18-പ്രകാരം- പിൻവലിച്ച് നല്കിയ 1,00,000/- രൂപയ്ക്ക് കേരളാ സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴ, രശീതി ലഭ്യമാക്കിയില്ല. ഈ 1,00,000/- രൂപ കേരളാ സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴക്ക് ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

മുൻകൂറായി 5,00,000/- രൂപനല്കിയതിൽ ഓഡിറ്റ് കാലംവരേയും ഡിസ്പെൻസറിക്ക് ഒരു മരുന്നും കേരളാ സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 5,00,000/ രൂപയുടെ മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ടി തുക ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

### 1-20 ആർജ്ജിതാവധി സറണ്ടർ - വിശദവിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

വൗച്ചർ നമ്പർ - 21800026/12.4.2018 – 2,86,814/- രൂപ

വൗച്ചർ നമ്പർ – 21800027/12.4.2018 – 19,425/- രൂപ

ഗ്രാമപഞ്ചായത്തിലെ 12 ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ നൽകുന്നതിന് മേൽ വൗച്ചർ പ്രകാരം ആകെ 3,06,239/- രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ ഉത്തരവ് നം.എ-1-1784/2018, തിയ്യതി-1.4.2018 പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ഈ ജീവനക്കാരുടെ ലീവ് സറണ്ടർ അപേക്ഷകൾ, സേവനപുസ്തകം എന്നിവ പരിശോധന നടത്തിയപ്പോൾ ഒരു അപേക്ഷയിലും ആർജ്ജിതാവധി സറണ്ടർ അനുവദിച്ചതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ താഴെപ്പറയുന്ന ജീവനക്കാരുടെ സേവനപുസ്തകത്തിന്റെ ആർജ്ജിതാവധി കോളത്തിൽ ലീവ് കണക്കാക്കി സറണ്ടർ വിവരങ്ങൾ ചേർത്തിട്ടുണ്ട്, പക്ഷെ സേവനപുസ്തകത്തിന്റെ ബോഡിയിൽ ആർജ്ജിതാവധി സറണ്ടർ സംബന്ധമായ വിവരങ്ങൾ ചേർത്തിട്ടില്ല.

1)രാജേഷ്.പി.പി-അക്കൗണ്ടന്റ്

2)പ്രവീൺകുമാർ - സീനിയർ ക്ലാർക്ക്

3)രാഘവൻ.എ - സീനിയർ ക്ലാർക്ക്

4)ബിന്ദു.കെ - ക്ലാർക്ക്

5)ഷാജി.കെ.എസ് - ഓഫീസ് അറ്റന്റന്റ്

6)ചന്ദ്രൻ.കെ.വി - പി.ടി.പി.കെ

7)ലീല.കെ - പി.ടി.ആർ.എസ്

ഓഡിറ്റ് എൻക്വയറി നം.19/3.9.2019 പ്രകാരം ഈ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. സേവനപുസ്തകത്തിലും അപേക്ഷകളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു.

പള്ളിക്കര ഗ്രാമപഞ്ചായത്തിൽ 63പേരാണ് 2018-19 വർഷത്തിൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ പട്ടികയിൽ ഉള്ളത്. വികസനത്തിൽ ചുരുങ്ങിയ കാലം കൊണ്ട് ഒരു കുതിച്ചു ചാട്ടം നടത്തിയ ഗ്രാമപഞ്ചായത്തിന് ഇത് ഒട്ടും അഭികാമ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). ഇതു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 63 | 1,11,720/- |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

ആയതിനാൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ വേതനത്തിനുള്ള അർഹത വ്യക്തമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ രഹിത വേതനം അനുവദിക്കലും വിതരണവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സാമൂഹ്യ സുരക്ഷ വിഷയഘടകങ്ങളിലെ ചുമതലകളിൽ പെടുന്നു. ഇതിന്റെ ഭാഗമായ ചുമതലകളിൽ തൊഴിൽ രഹിതരായ വ്യക്തികൾക്ക് വേതനം നൽകുന്ന സ്കീമുകളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, അപേക്ഷകൾ ക്ഷണിക്കുക, മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ചുരുക്കപട്ടിക തയ്യാറാക്കുക, ഒരു തൊഴിലും ലഭ്യമായിട്ടില്ലാത്ത അപേക്ഷകരെയും, പഞ്ചായത്ത് നടപ്പാക്കുന്ന ഒരു സ്കീമിന്റെയും ആനുകൂല്യംലഭിക്കാത്തവരെയും കണ്ടെത്തുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ നടപടികൾ സ്വീകരിച്ച് വരും വർഷങ്ങളിൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ എണ്ണം കുറക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 സിദ്ധ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സിദ്ധ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | SO 24/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ആയൂർവേദം |
| അടങ്കൽ | Rs.5,00,000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | Rs.5,00,000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ട്രഷറി ബിൽ നമ്പർ /തീയ്യതി | 3/18-19/29-8-2018 |

മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ഗവ.സിദ്ധ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി ,ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് തൃശ്ശൂർ(സിദ്ധ) എന്ന സ്ഥാപനത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ,ആയൂർവേദം 5,00,000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്.

. ഈ തുക 29-8-2018ന് ഫാർസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതിവരെ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് തൃശ്ശൂർ എന്ന സ്ഥാപനം ഗവ.സിദ്ധ ആശുപത്രിക്ക് 3,92,566/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയുള്ളൂ.. 1,07,434/-രൂപയുടെ മരുന്ന് ഫാർസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് തൃശ്ശൂർ എന്ന സ്ഥാപനം ഇനിയും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. 1,07,434/-രൂപയുടെ മരുന്ന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ തുക ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.എത്രയും പെട്ടെന്ന് ബാക്കിമരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 പള്ളിക്കര ഗ്രാമപഞ്ചായത്ത്-പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി

കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും, വിനിയോഗവും) ചട്ടങ്ങൾ 2003.

വൗച്ചർ നം.21800384/21.8.2018 - 5000/- രൂപ

പള്ളിക്കര ഗ്രാമപഞ്ചായത്തിലെ 20-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി.ശോഭ, w/o വേണുഗോപാലൻ, കരുവാത്തോട്, പാക്കം എന്നിവർക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും 5000/- രൂപ മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. ചെക്ക് നം.36907/20.8.2018.

ഈ തുക നൽകിയതുമായി ബന്ധപ്പെട്ട് മിനിട്സ് പരിശോധന നടത്തിയപ്പോൾ 21.8.2018 ലെ അപേക്ഷ പരിഗണിച്ച

യോഗത്തിൽ 3 പേർ മാത്രമാണ് ഹാജരായിട്ടുള്ളത്. ക്വാറം തികഞ്ഞിട്ടില്ല. മുൻ വർഷങ്ങളിലെ യോഗങ്ങളും അങ്ങനെ തന്നെയാണ് നടന്നിട്ടുള്ളത്. ചട്ടം പ്രകാരമുള്ള സബ്കമ്മിറ്റി പരിശോധന, ക്യാഷ് ബുക്ക്, രശീത് ബുക്ക്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, അന്വേഷണ റിപ്പോർട്ട് തുടങ്ങിയ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.14/3.9.2019 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ അവശ്യപ്പെട്ടതു പ്രകാരം ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് (അക്കൗണ്ട് നം.9044, പള്ളിക്കര സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് ) ഹാജരാക്കിയിട്ടുണ്ട്. മറ്റ് രേഖകൾ ഹാജരാക്കേണ്ടതാണ്. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി കൈകാര്യം ചെയ്യുന്നതിൽ ചട്ടം പ്രകാരമുള്ള നടപടിക്രമങ്ങൾ ഭാവിയിൽ പാലിക്കേണ്ടതാണ്.

## 1-24 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം പദ്ധതി

ജി.ഒ(എം.എസ്)22/2018/തസ്വഭവ/തിയ്യതി-14.2.2018

പ്രൊജക്റ്റ് നമ്പർ - 105/19

ബിൽ നം.02/2018-19/27.9.2018 - 2,25,000/-

ബിൽ നം.03/2018-19/31.10.2018 - 75,000/-

ബിൽ നം.05/2018-19/20.12.2018 - 75,000/-

ബിൽ നം.08/2018-19/16.2.2019 - 1,38,000/-

ബിൽ നം.11/2018-19/16.2.2019 - 12,000/-

പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം അനുവദിക്കാനുള്ള ഈ പദ്ധതി പ്രകാരം ഒരു പെൺകുട്ടിക്ക് ധനസഹായമായി 75,000/- രൂപ പ്രകാരം ആകെ 5,25,000/-രൂപ നൽകിയിട്ടുണ്ട്. വിവാഹധനസഹായം അനുവദിച്ചവരുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകയുടെ പേര് അഡ്രസ്സ് | അപേക്ഷാ തിയ്യതി | അനുവദിച്ച തുക | ബാങ്ക് അക്കൗണ്ട് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| 1 | കുമാരൻ പണിക്കർ<br>s/oകൃഷ്ണൻ പണിക്കർ<br>നെല്ലിയടുക്കം, 5,25,000/-<br>പനയാൽ (പി.ഒ) | 12.7.2018 | 75,000/- | SBI Udma-37030414923 | മകൾ മഞ്ജുശ്രീ.കെ യുടെ വിവാഹം-3.6.2018 |
| 2 | സുജാത.എം<br>d/oകുമാരൻ<br>പുതിയ കോളനി,കോറോത്ത്<br>പനയാൽ (പി.ഒ) | 10.7.2018 | 75,000/- | KGB-Mulleria-<br>40596101055812 | അനുജത്തി സുചിത്ര.എസ്.ന്റെ വിവാഹം-<br>10.5.2018 |
| 3 | സരോജിനി<br>w/o അപ്പു<br>കോട്ടക്കുന്ന് ഹൗസ്<br>ബോക്കൽഫോർട്ട് (പി.ഒ) | 9.7.2018 | 75,000/- | Syndicate bank-42252200110582 | മകൾ ഉഷ യുടെ വിവാഹം - 29.10.2017 |
| 4 | സുശീല<br>w/oഗോപാലൻ<br>കരിച്ചിക്കുന്ന് ഹൗസ്, | 27.9.2018 | 75,000/- | SBI-67326618012 | മകൾ കാവ്യ.പിയുടെ വിവാഹം -1.7.2018 |

| | | | | | |
|---|---|---|---|---|---|
| | ബേക്കൽ (പി.ഒ) | | | | |
| 5 | കരുണാകരൻ.കെ<br>s/o നാരായണൻ<br>മാലടുക്കം ഹൗസ്<br>പനയാൽ (പി.ഒ) | 3.12.2018 | 75,000/- | Vijaya bank<br>-200501011003581 | മകൾ സുജാതയുടെ വിവാഹം-15.9.2018 |
| 6 | ദേവകി.<br>w/o കൃഷ്ണൻ(L)<br>പുതിയവളപ്പിൽ കുതിരക്കോട്<br>പനയാൽ (പി.ഒ) | 24.1.2019 | 75,000/- | SBI-67298732606 | മകൾ സുമ.കെ യുടെ വിവാഹം -<br>4.11.2018 |
| 7 | മോഹനൻ.എം<br>s/o മാധവൻ(L)<br>മത്തിൽ കോളനി<br>ബേക്കൽ ഫോർട്ട്(പി.ഒ) | അപേക്ഷ ഹാജരാക്കിയിട്ടില്ല | 75,000/-<br>(63000+12000) | PNB-7686000100000288 | മകൾ രഞ്ജിനി.എം ന്റെ വിവാഹം-17.2.2019 |
| ആകെ | | | 5,25,000/- | | |

ഈ പദ്ധതി പ്രകാരം അപേക്ഷകൻ/അപേക്ഷക ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായിരിക്കണം, അപേക്ഷ സമർപ്പിക്കേണ്ടത് വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ ആണ്. പട്ടികജാതി വകുപ്പിൽ നിന്നും ഈ സഹായം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് 7 അപേക്ഷകരുടെയും അപേക്ഷകളും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1)ക്രമ നമ്പർ (2) പ്രകാരമുള്ള അപേക്ഷകയുടെ നിലവിലെ അഡ്രസ്സ് കാറഡുക്ക ഗ്രാമപഞ്ചായത്തിലാണ്. ജാതി സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയിലെ അഡ്രസ്സ് പെരിയടുക്ക ഹൗസ്, കാറഡുക്ക, കാസറഗോഡ് എന്നാണ്. അപേക്ഷകയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്.

2)ക്രമ നമ്പർ (7) പ്രകാരമുള്ള മോഹനൻ.എം, s/o മാധവൻ(L), മത്തിൽ കോളനി, ബേക്കൽ എന്നവരുടെ ഈ ആനുകൂല്യത്തിനായി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളും അനുബന്ധരേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പട്ടികജാതി വികസന വകുപ്പിൽ വിവാഹധനസഹായത്തിന് അപേക്ഷ സമർപ്പിക്കാനായി ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിന് വേണ്ടി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച രേഖകൾ വച്ചാണ് ആനുകൂല്യം നൽകിയത്. നം.എ3-345/19/തിയ്യതി 18.1.2019 പ്രകാരം ശ്രീ.മോഹനൻ എന്നവരുടെ കത്ത് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

3)ക്രമ നമ്പർ (3) പ്രകാരമുള്ള അപേക്ഷക ശ്രീമതി.സരോജിനി എന്നവരുടെ മകൾ ഉഷയുടെ വിവാഹം നടന്നത് 29.10.2017 ന് ആണ്, എന്നാൽ അപേക്ഷ നൽകിയത് 9.7.2018 ൽ 8 മാസങ്ങൾക്ക് ശേഷമാണ്.

മേൽ വിവരിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.04/30.8.2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് 4.9.2019 ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നമ്പർ (1) പ്രകാരമുള്ളതിന് മാത്രമാണ് മറുപടി നൽകിയിട്ടുള്ളത്. സുചിത്രയുടെ ചേച്ചിയായ സുജാതയാണ് വിവാഹച്ചെലവ് നടത്തിയതെന്നും, ധനസഹായം അവരുടെ അക്കൗണ്ടിലേക്ക് നൽകണമെന്ന് സുചിത്ര അപേക്ഷയിൽ എഴുതി ഒപ്പിട്ടിട്ടുണ്ടെന്നും അതിനാലാണ് തുക നൽകിയതെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. വിവാഹം കഴിക്കുന്ന പെൺകുട്ടി ഈ പഞ്ചായത്തിൽ തന്നെ താമസമായതിനാൽ അവരുടെ പേരിൽ തന്നെ അപേക്ഷ സ്വീകരിക്കാമായിരുന്നു, ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് അപാകതകൾക്ക് മറുപടി നൽകാത്തതിനാൽ ചെലവ് തുക 5,25,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-25 ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് പദ്ധതി

പ്രൊജക്ട് നമ്പർ - 256/19

തനത് ഫണ്ട് - അടങ്കൽ - 1,50,000/- രൂപ

ചെലവ് - 98,440/- രൂപ

വൗച്ചർ നം.21800218/13.7.2018 – 66,695/- രൂപ

വൗച്ചർ നം.21800872/29.1.2019 - 31,475/- രൂപ

ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, യു.പി.എസ് എന്നിവയ്ക്ക് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് സ്വീകരിക്കാനുള്ളതാണ് ഈ പദ്ധതി. കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസിനായി കെൽട്രോണുമായാണ് കാരാറിൽ ഒപ്പ് വെച്ചത്. ഇതിനായി വൗച്ചർ നം.21800218/13.7.2018 പ്രകാരം ആകെ 66,695/- രൂപ കെൽട്രോൺ സമർപ്പിച്ച ഇൻവോയ്സ് നം. ITBG/18-19/2240/CLT/107/dt.18.7.2018 പ്രകാരം നൽകിയിട്ടുണ്ട്. അക്കൗണ്ട് നം.10622324516 SBI. 19.7.2018 ന് കെൽട്രോണുമായി കരാറിൽ ഒപ്പ് വെച്ചിട്ടുണ്ട്.

വൗച്ചർ നം.21800872/29.1.2019 പ്രകാരം 31,475/- രൂപ പിൻവലിച്ചത് ഫോട്ടോസ്റ്റാറ്റ് മെഷീൻ, യു.പി.എസ് എന്നിവയ്ക്ക് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് സ്വീകരിക്കാനാണ് ചെലവഴിച്ചത്. വെൽകെയർ സൊല്യൂഷൻസിന്റെ 1.1.19 ലെ കത്ത് പ്രകാരം ആകെ 18,880/- രൂപ ഫോട്ടോസ്റ്റാറ്റ് മെഷീന് വേണ്ടിയും(അക്കൗണ്ട് നം.40422111000016,KGB) ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ 1.9.2018 ലെ കത്ത് പ്രകാരം 12,595/- രൂപ യു.പി.എസിന് വേണ്ടിയും (അക്കൗണ്ട് നം.00572530000086,HDFC) സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.

വെൽകെയർ സൊല്യൂഷൻസ്, ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുമായി ഒപ്പിട്ട കരാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/30.8.2019 പ്രകാരം കരാർ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 31,475/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 പാക്കം കുടിവെള്ള പദ്ധതിക്ക് ബാക്കി തുക നൽകൽ പദ്ധതി

പ്രൊജക്ട് നമ്പർ - 305/19

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അടങ്കൽ - 3,60,000/- രൂപ

ചെലവ് - 3,60,000/- രൂപ

വൗച്ചർ നം.21800774/21.12.2018 – 3,60,000/- രൂപ

പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പാക്കം കുടിവെള്ള പദ്ധതിക്ക് വേണ്ടി കേരളാ ജല അതോറിറ്റി സമർപ്പിച്ച ആകെ ചെലവ് തുക 10,60,000/-രൂപയാണ്. ഇതിൽ 7,00,000/- രൂപ കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി രൂപീകരിച്ച് നിക്ഷേപിച്ചിട്ടുണ്ട്. ബാക്കി 3,60,000/- രൂപ ഈ വർഷം നിക്ഷേപിക്കാനാണ് ഈ പദ്ധതി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ ജല അതോറിറ്റി നം.D3-86/2017/dt.3.12.2018 ഡിമാന്റ് നോട്ടീസ് പ്രകാരം ആകെ 3,60,000/- രൂപ നിക്ഷേപിക്കണം എന്നാവശ്യപ്പെട്ട് കത്ത് നൽകി.അത് പ്രകാരം 3,60,000/- രൂപ പിൻവലിച്ച് നിക്ഷേപം നടത്തിയിട്ടുണ്ട്.(വൗച്ചർ നം.21800774/21.12.2018, ബാങ്ക് അക്കൗണ്ട് നം.10510439545,SBI) തുക നിക്ഷേപിച്ചതിനെ തുടർന്ന് 21.12.2018 ൽ കേരളാ ജല അതോറിറ്റിയുമായി ഉടമ്പടി ഒപ്പ് വെച്ചിട്ടുണ്ട്.

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.09/30.8.2019 പ്രകാരം പൂർത്തീകരണവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 31.8.2019 ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നും പൂർത്തിയാകുന്ന മുറക്ക് രേഖകൾ ഹാജരാക്കുമെന്നുമാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്നതുവരെ ചെലവ് തുക 3,60,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-27 വൈദ്യുതി ലൈൻ വലിക്കൽ പദ്ധതി

പ്രൊജക്ട് നമ്പർ - 256/19

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അടങ്കൽ - 33,032/- രൂപ

ചെലവ് - 33,032/- രൂപ

വൗച്ചർ നം.21800325/9.7.2018 – 17,038/- രൂപ

വൗച്ചർ നം.21800812/25.1.2019 – 15,994/- രൂപ

പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പറമ്പ അംഗൻവാടി, ജി.യു.പി.എസ് കരിച്ചേരി എന്നിവിടങ്ങളിലേക്ക് വൈദ്യുതി ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് , ചട്ടഞ്ചാൽ സമർപ്പിച്ച ഡിമാന്റ് നോട്ടീസ് നം. DB/CTL/2017-18/ES/dt.25.5.2018 പ്രകാരം ആകെ 17,038/- രൂപ പറമ്പ അംഗൻവാടിക്ക് വേണ്ടിയും, ഡിമാന്റ് നോട്ടീസ് നം.DB6/ES/CTL/dt.7.12.2018 പ്രകാരം ആകെ 15,994/-രൂപ ജി.യു.പി.എസ് കരിച്ചേരിക്ക് ലൈൻ വലിക്കുന്നതിന് വേണ്ടിയും നിക്ഷേപം നടത്തിയിട്ടുണ്ട്.(ബാങ്ക് അക്കൗണ്ട് നം. 626601010050052,Union bank)

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.10/30.8.2019 പ്രകാരം പൂർത്തീകരണവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 31.8.2019 ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് എന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും പൂർത്തീകരിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാവുന്ന മുറക്ക് രേഖകൾ ഹാജരാക്കുമെന്നുമാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. അതുവരെ ചെലവ് തുക 33,032/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-28 വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ പദ്ധതി

പ്രൊജക്റ്റ് നമ്പർ - 09/19

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അടങ്കൽ - 4,07,698/- രൂപ

ചെലവ് - 4,07,693/- രൂപ

വൗച്ചർ നം.21800667/22.11.2018 – 3,00,000/- രൂപ

വൗച്ചർ നം.21800776/22.12.2018 – 1,07,693/- രൂപ

പള്ളിക്കര ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ റോഡിൽ തടസ്സം നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ചിത്താരി സെക്ഷൻ സമർപ്പിച്ച ഡിമാന്റ് നോട്ടീസ് നമ്പർ DB/18-19/post shifting/12/dt.21.11.2018 പ്രകാരം ആകെ 3,00,000/- രൂപ കാനറാ ബാങ്ക് അക്കൗണ്ട് നം.0724201000830 ലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.

അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പെരിയ ബസാർ സെക്ഷൻ സമർപ്പിച്ച ഡിമാന്റ് നോട്ടീസ് നമ്പർ DB/18-19/AE/ES/PRB/286/12/dt.17.12.2018 പ്രകാരം ആകെ 1,07,693/- രൂപ കാനറാ ബാങ്ക് അക്കൗണ്ട് നം.4111201000009 ലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.11/30.8.2019 പ്രകാരം പൂർത്തീകരണവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 31.8.2019 ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് എന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും പൂർത്തീകരിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാവുന്ന മുറക്ക് രേഖകൾ ഹാജരാക്കുമെന്നുമാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. അതുവരെ ചെലവ് തുക 4,07,698/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-29 കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ പദ്ധതി

പ്രൊജക്റ്റ് നമ്പർ - 08/19

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അടങ്കൽ - 4,20,000/- രൂപ

ചെലവ് - 4,20,000/- രൂപ

വൗച്ചർ നം.21800738/28.11.2018 – 4,20,000/- രൂപ

പള്ളിക്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ സ്ഥലങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ ജല അതോറിറ്റി, പൊതുജനാരോഗ്യവിഭാഗം, കാസറഗോഡ് സമർപ്പിച്ച ഡിമാന്റ് നോട്ടീസ് നം.D3-3102/2018/dt.27.11.2018 പ്രകാരം ആകെ 4,20,000/- രൂപ നിക്ഷേപം നടത്തണം എന്നാവശ്യപ്പെട്ടിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരം ഈ തുക നിക്ഷേപം നടത്തി.അക്കൗണ്ട് നം. 10510439545 SBI. 28.11.2018 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ ജല അതോറിറ്റിയുമായി കരാറിൽ ഒപ്പ് വെച്ചിട്ടുണ്ട്.

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.12/30.8.2019 പ്രകാരം പൂർത്തീകരണവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 31.8.2019 ന് മറുപടി

നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നും പൂർത്തിയാകുന്ന മുറക്ക് രേഖകൾ ഹാജരാക്കുമെന്നുമാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്നതുവരെ ചെലവ് തുക 4,20,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-30 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്

മുൻ കാലങ്ങളിൽ വിവിധ പ്ലാൻ / നോൺ പ്ലാൻ തുകകൾ കൈകാര്യം ചെയ്യുന്നതിനായി (നോൺ ബാങ്കിങ് ട്രഷറി) അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ, സിൻഡിക്കേറ്റ് ബാങ്കിന്റെ പള്ളിക്കര ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ(42252200048505) നിലവിൽ ₹53,616/- നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിൽ കാര്യമായ ഇടപാടുകൾ നടക്കുന്നില്ലാത്തതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്ത്, തുക പഞ്ചായത്ത് ഫണ്ടിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-31 മഴക്കാലപൂർവ്വശുചീകരണം-ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ ചെലവഴിച്ചു.

വൗച്ചർ നം.659601 /05.07.2018 2,20,000/- രൂപ

തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ നമ്പർ 22501/ഡി.സി1/2014/തസ്വഭവ, തിയ്യതി 28.4.2014 പ്രകാരം മഴക്കാലപൂർവ്വശുചീകരണം 2014 ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ മാസം അവസാനിക്കുന്നതാണ്. അതിനനുസരിച്ചാണ്പ്രവർത്തനങ്ങൾ നടത്തേണ്ടത്.

പള്ളിക്കര ഗ്രാമപഞ്ചായത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് ഗ്രാമപഞ്ചായത്തിലെ 22 വാർഡുകൾക്ക് 2018-19 വർഷത്തിൽ മേൽ വൗച്ചർ പ്രകാരം ആകെ 2,20,000 /- രൂപ(ശുചിത്വമിഷൻ ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർക്ക് വേണ്ടി പള്ളിക്കര കോ-ഓപ്പറേറ്റീവ് സർവ്വീസ് സഹകരണ ബാങ്കിൽ തുടങ്ങിയ വിവിധ അക്കൗണ്ടുകളിലേക്ക് ഈ തുക കൈമാറുകയാണ് ചെയ്തത്. ഈ തുക വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികൾ ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ, ചെലവ് വൗച്ചറുകൾ എന്നിവ പരിശോധന നടത്തിയപ്പോൾ പല വാർഡുകളിലും തുക ചെലവഴിച്ചിരിക്കുന്നത് ശുചീകരണ പ്രവർത്തനങ്ങൾക്കല്ല. എൻ.എച്ച്.എം ഫണ്ടിൽ നിന്നും, ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും ചെയ്യേണ്ട വിവിധ പകർച്ചവ്യാധി നിയന്ത്രണ ബോർഡുകൾ, നോട്ടീസുകൾ അനൗൺസ്മെന്റുകൾ എന്നിവ നടത്താൻ ഈ തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | കൺവീനറുടെ പേര് | തുക | ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക | പകർച്ചവ്യാധി നിയന്ത്രണ ബോർഡുകൾ, നോട്ടീസുകൾ അനൗൺസ്മെന്റുകൾ എന്നിവ നടത്താൻ ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 3 | കുഞ്ഞിക്കൃഷ്ണൻ.പി | 10000 | 8000 | 2000 | ബാനർ-വൗച്ചർ നം.1/18-19 dtd25.3.19-2000/- |
| 4 | കുഞ്ഞിക്കൃഷ്ണൻ.പി | 10000 | 5500 | 4500 | 1)ബാനർ-2000/-വൗച്ചർ നം.2/18-19<br>dtd25.3.2019<br>2) Metal board- 2500/-വൗച്ചർ നം.1/18-19 dtd25.3.19 |
| 5 | ഷൈനി.പി.കെ | 10000 | 7500 | 2500 | 1) Metal board- വൗച്ചർ നം.1/18-19<br>dtd9.3.2019-2500/- |
| 8 | സുധ | 10000 | 6800 | 3200 | 1)ബാനർ-2400/-വൗച്ചർ നം.2/18-19<br>dtd20.3.2019 |

| | | | | | |
|---|---|---|---|---|---|
| | | | | | 2)നോട്ടീസ്800/-വൗച്ചർ നം.3/18-19<br><br>dtd20.3.2019 |
| 9 | സുധ | 10000 | 6800 | 3200 | 1)ബാനർ-2400/-വൗച്ചർ നം.1/18-19<br><br>dtd20.3.2019<br><br>2)നോട്ടീസ്800/-വൗച്ചർ നം.3/18-19<br><br>dtd20.3.2019 |
| 10 | ശിവകുമാർ | 10000 | 5250 | 4750 | 1)4200/-അംഗനവാടിക്ക് കുടിവെള്ള പാത്രം വാങ്ങിക്കൽ വൗച്ചർ നം.3/18-19<br><br>dtd25.3.2019<br><br>2)550/-ക്ലോറിനേഷൻ പ്രവർത്തനങ്ങൾക്ക് |
| 11 | ശിവകുമാർ | 10000 | 7750 | 2250 | 1)150/-ക്ലോറിനേഷൻ പ്രവർത്തനങ്ങൾക്ക്<br><br>വൗച്ചർ നം.1/18-19<br><br>dtd21.3.2019<br><br>2100/-അംഗനവാടിക്ക് കുടിവെള്ള പാത്രം വാങ്ങിക്കൽ വൗച്ചർ നം.4/18-19<br><br>dtd21.3.2019 |
| 14 | സനിൽ.എ.ജി | 10000 | 1000 | 9000 | വൗച്ചർ നം.2-15 ക്ലോറിനേഷൻ,ഫോഗിംഗ് ,ഉറവിട നശീകരണ ബോധവത്കരണം-9000/- |
| 15 | വി.വി .സുരേഷ്കുമാർ | 10000 | 7500 | 2500 | Rs1200/- ക്ലോറിനേഷൻ വൗച്ചർ നം15,16dtd18.8.18,22.8.18<br><br>Rs 400/-ആരോഗ്യപോഷകദിന ക്ലാസ് വൗച്ചർ നം<br><br>17-20 dtd 23.8.18<br><br>900/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കണം. |
| 16 | വി.വി .സുരേഷ്കുമാർ | 10000 | 9850 | -- | Rs 150/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കണം |
| 17 | സനിൽ.എ.ജി | 10000 | 7500 | 2500 | Rs2500/- Metal board- വൗച്ചർ നം.2/18-19 |

| | | | | | |
|---|---|---|---|---|---|
| 18 | കുഞ്ഞാമി | 10000 | 8000 | 2000 | നോട്ടീസ് വൗച്ചർ നം3-18-19 dtd 29.3.19-2000/- |
| 19 | കുഞ്ഞാമി | 10000 | 5500 | 4500 | 1)Rs2500/- Metal board- വൗച്ചർ നം.2/18-19<br>dtd11.3.2019<br>2)Rs2000/-നോട്ടീസ് വൗച്ചർ നം3/18-19 dtd 11.3,19 |
| | ആകെ | 2,20,000/- | 1,77,100/- | 42,900/- | |

ആകെ 2,20,000/- രൂപ അനുവദിച്ചതിൽ 1,77,100/- രൂപ മാത്രമാണ് മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിച്ചത്, ബാക്കി 42900/--രൂപ ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ വാർഡ് 1ന്റെ ചെലവ് വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ വാർഡ് 12 ൽ ഹാജരാക്കിയ ശുചിത്വമിഷൻ ഫണ്ട് 10000/- രൂപ വിനിയോഗിച്ചതിന് ഹാജരാക്കിയിട്ടുള്ളത് nominal muster roll മാത്രമാണ്, എന്നാൽ ഒരു muster roll ൽ അവശ്യം വേണ്ട വിവരങ്ങളായ തൊഴിലാളികൾക്ക് നൽകിയ വേതനത്തിന്റെ നിരക്ക്,ഓരോ തൊഴിലാളിയും കൈപ്പറ്റിയ വേതനം , 20 തൊഴിലാളികൾ ജോലി ചെയ്തതിൽ 7 തൊഴിലാളികളുടെ പിതാവിന്റെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാർഡ് 13 ന് ഹാജരാക്കിയ nominal muster roll ൽ ശുചിത്വമിഷൻ ഫണ്ട് 10000/- രൂപ വിനിയോഗിച്ചതിന് തൊഴിൽ ചെയ്ത മാസം,തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.17/3.9.2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച 1,77,100/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ മറ്റ് കാര്യങ്ങൾക്ക് ചെലവഴിച്ച 42,900/-രൂപ അത്തരം പ്രവർത്തനങ്ങൾക്കുള്ള ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും എടുത്ത് തിരികെ ശുചിത്വമിഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ഈ ഭാഗത്ത് പരാമർശങ്ങളൊന്നുമില്ല.

..

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഈ ഭാഗത്ത് പരാമർശങ്ങളൊന്നുമില്ല.

..

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2018-19 | 1062500 | 1062500 | സമഗ്ര നെൽകൃഷി വികസനം | 1062500 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | 100000 | അഗതി രഹിത കേരളം | 0 | 100000 |
| 4 | ജില്ലാ പഞ്ചായത്ത് | 2018-19 | 2198590 | 2198590 | ലൈഫ് ഭവന പദ്ധതി ജനറൽ | 2198590 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 2018-19 | 156250 | 156250 | ലൈഫ് ഭവന പദ്ധതി എസ്.സി | 0 | 156250 |
| 6 | ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | 256959 | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി | 256959 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | 2015-16 | 200000 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 208-19 | 1062500 | 1074672 | സമഗ്ര നെൽകൃഷി വികസനം | 1074672 | 0 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | 500000 | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി | 500000 | 0 |
| 11 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 200000 | അംഗൻവാടി ന്യൂട്രീഷ്യൻ | 200000 | 0 |
| 12 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1591275 | 1591275 | ലൈഫ് ഭവന പദ്ധതി ജനറൽ | 1591275 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 08/19-20 (പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം നേരിടുന്ന വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ) | വൗച്ചർ നം.21800738 തീയ്യതി 28/11/2018 | 420000 | UC ലഭിച്ചില്ല | 420000 |
| KSEB | 09/19 (ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ) | 1)വൗച്ചർ നം 21800667 തീയ്യതി 22/11/2018 2)വൗച്ചർ നം | 407693 | UC ലഭിച്ചില്ല | 407693 |

| | | | | | |
|---|---|---|---|---|---|
| | | 21800776 തീയ്യതി 21/12/18 | | | |
| KSEB | 256/19(വൈദ്യുതി ലൈൻ നീട്ടൽ) | 1)വൗച്ചർ നം 21800325 തീയ്യതി 09/07/2018 2)വൗച്ചർ നം 21801039 തീയ്യതി 25/01/2019 | 33032 | UC ലഭിച്ചില്ല | 33032 |
| KWA | 305/19(പാക്കം കുടിവെള്ള തുക ബാക്കി തുക നൽകൽ) | വൗച്ചർ നം. 21800774 തീയ്യതി 21/12/2018 | 360000 | UC ലഭിച്ചില്ല | 360000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | Go(ms)NO:83/13/lsgd . തി. 11/03/2013, | 14780000 | 11780000 (മുതൽ) | 1500000 | 1000000 | 10280000 (മുതൽ ബാക്കി) |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.സ്)നം. 2278/തസ്വഭവ.തീയ്യതി. 18-08-2018 | 23399325 | ഇല്ല | 0 | 0 | 23399325 |

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2018-19 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 0 |

## 4-6 ഓഡിറ്റ് റിക്കവറി ഇനത്തിൽ , 2018-19 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 1998-99 | പാര 31 | 37/- | കുഞ്ഞിക്കണ്ണൻ.വി(യു.ഡി.ക്ലർക്ക്) | 118030108164 തീയ്യതി 27/12/2018 |
| 1998-99 | പാര 32(5) | 158/- | ശ്യാമള .കെ (പ്യൂൺ) | 118030108675 തീയ്യതി 31/12/2018 |
| 1995-96 | പാര 7 | 100/- | സെക്രട്ടറി | 118030108674 തീയ്യതി 31/12/2018 |
| 1991-92- 1994 | പാര 8 | 276/- | സെക്രട്ടറി | 118030108673 തീയ്യതി 31/12/2018 |
| 1998-99 | പാര 8 | 300/- | സെക്രട്ടറി | 118030108672 തീയ്യതി 31/12/2018 |
| 1987-88,88-89 | പാര 16(2) | 57/- | സെക്രട്ടറി | 118030108163തീയ്യതി 27/12/2018 |
| 998-99 | പാര 30 | 291 | ശ്യാമള .കെ (പ്യൂൺ) | 18030108671തീയ്യതി 31/12/2018 |
| ആകെ | | 1219/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 പ്രവർത്തനാവലോകന റിപ്പോർട്ട് | - | 2014-15 | 4-1-4 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്ഥികൾ (ഖരമാലിന്യ സംസ്കരണ പ്ലാന്റ് & ലോറി ) | തടസ്സം തീർപ്പാക്കിയിട്ടില്ല. |
| 2014-15 | 2-3 | 2016-17 | 2 (അനുബന്ധം 4 ) | തൊഴിൽ നികുതി | തടസ്സം തുടരുന്നു |
| 1998-99 | 41 | 2007-08 | 41 | വെറ്റിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതി | ‘’ |

## 4-8 ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുക ക്രമ നമ്പർ റിപ്പോർട്ട് വർഷം ഖണ്ഡിക.നം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം

1)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

2) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക ,(തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2013-14 | 3-2 | ബി.വിജയഭാനു | LF 9208/spl.cell CSC/C2/16 dt 24/07/17 | 8000 | | | | | 8000 | 0 | തുകകൾ ഇദ്ദേഹത്തിൻറെ ഡി.സി.ആർ ജിയിൽ നിന്ന് ഈടാക്കി പഞ്ചായത്തിൻറെ ടി..എസ്. ബിഅക്കാണ്ടിലേക്ക് 1212/10/2018 ൽ വരവ് വന്നിട്ടുണ്ട്.16/11/2018 Rt no.118120900020 പ്രകാരം രശീതി ചെയ്തിട്ടുണ്ട് |
| 2 | 2013-14 | 3-3 | ബി.വിജയഭാനു | LF 9208/spl.cell CSC/C2/16 dt 24/07/17 | 16000 | | | | | 16000 | 0 | ടി |
| 3 | 2013-14 | 3-4 | ബി.വിജയഭാനു | LF 9208/spl.cell CSC/C2/16 dt 24/07/17 | 8200 | | | | | 8200 | 0 | ടി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,26,21,708 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,58,21,426 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,61,739/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 177100 | ഡോ.ഗായത്രി.എ.എസ്<br>മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. പള്ളിക്കര |
| 1-19 | 500000 | ഡോ.രേഷ്മ.എ.കെ<br>മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-22 | 107434 | ഡോ.ബിന്ദു.കെ<br>മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1-24 | 525000 | ഗീതാമണി.ആർ -അസി.സെക്രട്ടറി |
| 1-25 | 31475 | സുകുമാരൻ.വി, സെക്രട്ടറി |
| 1-26 | 360000 | സുകുമാരൻ.വി, സെക്രട്ടറി |
| 1-27 | 33032 | സുകുമാരൻ.വി, സെക്രട്ടറി |
| 1-28 | 407698 | സുകുമാരൻ.വി, സെക്രട്ടറി |
| 1-29 | 420000 | സുകുമാരൻ.വി, സെക്രട്ടറി |
| ആകെ | 25,61,739/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-15,1-17.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല.

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1980-81 | എൽ.എഫ്.കെ.എസ്.ഡി.5/539/03(9) തിയ്യതി.16.08.03 | 1 |
| 1983-84 | എൽ.എഫ്.കെഎസ്.ഡി.5/539/03(10) തിയ്യതി.16.08.03 | 2 |
| 1985-86 | എൽ.എഫ്.കെഎസ്.ഡി.5/539/03(12) തിയ്യതി.16.08.03 | 2 |
| 1987-88<br>1988-89 | എൽ.എഫ്.കെഎസ്.ഡി.5/539/03(13) തിയ്യതി.16.08.03 | 3 |
| 1989-90<br>1990-91 | എൽ.എഫ്.കെഎസ്.ഡി.5/539/03(14) തിയ്യതി.16.08.03 | 2 |
| 1991-92to<br>1994-95 | എൽ.എഫ്.കെ.എസ്.ഡി.5/211/00, തിയ്യതി.26.02.03 | 2 |
| 1995-96 | എൽ.എഫ്.കെ.എസ്.ഡി.5/691/00, തിയ്യതി.26.02.03 | 1 |
| 1996-97 | എൽ.എഫ്.കെഎസ്.ഡി.5/539/03(15) തിയ്യതി.16.08.03 | 2 |
| 1998-99 | എൽ.എഫ്.കെഎസ്.ഡി.5/539/03(17) തിയ്യതി.16.08.03 | 2 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി.5/75/01, തിയ്യതി.09.01.01 | 1 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.5/599/01, തിയ്യതി.25.03.03 | 18 |
| 2001-02<br>(plan) | എൽ.എഫ്.കെ.എസ്.ഡി.4/759/03, തിയ്യതി.15.11.04 | 4 |
| 2001-02<br>(final) | എൽ.എഫ്.കെ.എസ്.ഡി.4/129/05, തിയ്യതി.05.06.07 | 6 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/20/07, തിയ്യതി.30.05.09 | 26 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.4/111/08, തിയ്യതി.02.12.10 | 7 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.6/599/11, തിയ്യതി.18.08.11 | 7 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.3/113/08, തിയ്യതി.12.12.08 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/803/08,തിയ്യതി.22.8.09/14.03.11 | 9 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/326/10,<br>തിയ്യതി.23.12.10/03.05.11 | 8 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.03.05.11 | 12 |
| 2009-10<br>2010-11 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.23.04.13 | 14 |
| 2011-12<br>2012-13 | എൽ.എഫ്.കെ.എസ്.ഡി.9/1048/14, തിയ്യതി.06.05.15 | 7 |

| | | |
|---|---|---|
| 2013-14 | എൽ.എഫ്.കെ.എസ്.ഡി.9/867/15, തിയ്യതി.11.11.15 | 15 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.8/720/16, തിയ്യതി.18.07.16 | 22 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി /8/1234/ 2016തീയതി. 13-12-2016 | 36 |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി /8 /803/ 2017തീയതി. 17-07-2017 | 28 |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി /8 /1304/ 2018തീയതി. 7-12-2018 | 9 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-I

## ഓഡിറ്റ് സാക്ഷ്യപത്രം

നം: കെ.എസ്.എ/കെ.എസ്.ഡി.8/991/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്- 671123.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 0499 4256690.
തീയ്യതി: 14-10-2019.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ്295(6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്

ചട്ടങ്ങളിലെ ചട്ടം 64 [2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>അനുബന്ധം -2</u>

<u>ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്</u>

| | | | |
|---|---|---|---|
| | Pallikkara Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8426176.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 220315.00 |
| 140000000 | Fee & User Charges | I-4(b) | 1096994.00 |
| 150000000 | Sale & Hire Charges | I-5(b) | 155663.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 169735203.00 |
| 171000000 | Interest Earned | I-8 | 365375.00 |
| 180000000 | Other Income | I-9 | 401219.00 |
| | Total Income | | 180400945.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11214633.00 |
| 220000000 | Administrative Expenses | I-11(b) | 875762.00 |
| 230000000 | Operations & Maintenance | I-12(b) | 1609103.00 |
| 240000000 | Interest & Finance Charges | I-13 | 10355.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14852009.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 75947866.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1317094.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1531610.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 71548520.00 |
| 255000000 | Maintenance Projects | I-14(e) | 18845039.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 16260.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1045000.00 |
| 272000000 | Depreciation | I-17(a) | 820851.00 |
| | Total Expenditure | | 199634102.00 |
| | Gross Surplus/ Deficit of income over Expenditure | | -19233157.00 |
| 280000000 | Prior Period Item | I-18 | -2369521.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -16863636.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം - 3
## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Pallikkara Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8467609.00 |
| Cash | Cash | RP-40(a) | 173539.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1441890.00 |
| 140000000 | Fees & User Charges | RP-4 | 915144.00 |
| 150000000 | Sale & Hire Charges | RP-5 | 149663.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 69409986.00 |
| 171000000 | Interest Earned | RP-9 | 365375.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12266951.00 |
| 350000000 | Other Liabilities | RP-36 | 225640.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1219.00 |
| 311000000 | Earmarked Funds | RP-29 | 137.00 |
| 330000000 | Secured Loans | RP-32 | 23399325.00 |
| 340000000 | Deposits Received | RP-34 | 18591.00 |
| 350000000 | Other Liabilities | RP-36 | 436460.00 |
| 410000000 | Fixed Assets | RP-38 | 82000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 33873087.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 36240.00 |
| 480000000 | Miscellaneous Expenditure to be written off | RP-50 | 0.0 |
| | Grand total | | 151262856.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4263613.00 |
| 220000000 | Administrative Expenses | RP-12 | 640119.00 |
| 230000000 | Operations & Maintenance | RP-13 | 1600753.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10000094.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 53364273.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1430844.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1531610.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 818720.00 |
| 255000000 | Maintenance Projects | RP-20 | 17978047.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 16260.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1045000.00 |
| 280000000 | Prior Period item | RP-26 | -164197.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 656382.00 |
| 350000000 | Other Liabilities | RP-36 | 4839833.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 10355.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -10200.00 |
| 311000000 | Earmarked Funds | RP-29 | 5000.00 |
| 340000000 | Deposits Received | RP-34 | 4460.00 |
| 350000000 | Other Liabilities | RP-36 | 2470061.00 |
| 410000000 | Fixed Assets | RP-38 | 9411282.00 |
| 412000000 | Capital work in Progress | RP-40 | 4317183.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1591934.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 35338578.00 |
| Cash | Cash | RP-40(b) | 102852.00 |
| | Grand Total | | 151262856.00 |

## അനുബന്ധം - 4

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | Pallikkara Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -12094608.01 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 967.00 |
| 312000000 | Reserves | B-3 | 81852586.00 |
| | Total Reserve & Surplus | | 69758944.99 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8751341.00 |
| | Total Grants, Contributions for Specific Purposes | | 8751341.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 31179325.00 |
| | Total Loans | | 31179325.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 409826.00 |
| 341000000 | Deposits Works | B-8 | 1000.00 |
| 350000000 | Other Liabilities | B-9 | 1457633.67 |
| | Total Current Liabilities and Provisions | | 1868459.67 |
| | TOTAL LIABILITIES | | 111558070.66 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 87666515.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -20757572.00 |
| 412000000 | Capital Work in Progress | B-11(a) | 792635.00 |
| | Total Fixed Assets | | 67701578.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1873798.66 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 35441430.00 |
| 460000000 | Loans, Advances and Deposits | B-18 | 6541264.00 |
| | Total Current Assets, Loans and Advances | | 43856492.66 |
| | Total Current Assets, Loans and Advances | | 0.0 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 111558070.66 |